# ക്നാനായ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

ചിക്കാഗോ: വടക്കേ അമേരിക്കയിലെ ക്നാനായ സംഘടനകളുടെ മാതൃസംഘടനയായ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.സി.എൻ.എ.)യുടെ 11-ാമത് കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2014 ജൂലൈ ആദ്യവാരം അമേരിക്കയിലെ കൺവൻഷൻ സെന്ററുകളിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന ചിക്കാഗോ മക്കോർമിക് കൺവൻഷൻ സെന്ററിൽ വെച്ചാണ് ക്നാനായ കൺവൻഷൻ സംഘടിപ്പിക്കുന്നത്. ചിക്കാഗോ കെ.സി.എസിന്റെ ആതിഥേയത്വത്തിൽ നടക്കുന്ന 11-ാമത് കൺവൻഷൻ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും വിവിധ കമ്മറ്റികളുടെ സംയുക്ത യോഗവും സെപ്റ്റംബർ 28-ാം തീയതി ശനിയാഴ്ച ചിക്കാഗോ മക്കോർമിക് സെന്ററിൽ നടത്തി. കെ.സി.സി.എൻ.എ.യുടെ 11-ാമത് കൺവൻഷൻ എല്ലാ പ്രായത്തിലുമുള്ളവരെയും ആകർഷിക്കുന്നതും അവരുടെ അഭിരുചികൾക്കനുസരിച്ച് വിജ്ഞാനപ്രദവും ഉല്ലാസപ്രദവുമാക്കുന്നതരത്തിൽ മികവുറ്റ ഒരു കൺവൻഷൻ നടത്താൻ കെ.സി.സി.എൻ.എ. പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡന്റ് ടോമി മ്യാൽക്കരപ്പുറം പ്രസ്താവിച്ചു. കമ്മറ്റി ചെയർമാൻമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 2014 ലെ ക്നാനായ കൺവൻഷൻ ചരിത്രവിജയമാക്കുവാനായി രൂപീകൃതമായിരിക്കുന്ന 40 ൽപ്പരം കമ്മറ്റികളുടെ ഏകോപനവും ഈ കമ്മറ്റിയംഗങ്ങളുടെ അർപ്പണമനോഭാവവും അടുത്ത ക്നാനായ കൺവൻഷൻ ഒരു ചരിത്രവിജയമാക്കും എന്ന കാര്യത്തിൽ സംശയമില്ലെന്ന് കൺവൻഷൻ കമ്മറ്റി ചെയർമാൻ ഡോ. മാത്യു തിരുനെല്ലിപ്പറമ്പിൽ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. വിവിധ കമ്മറ്റികളെ പ്രതിനിധീകരിച്ച് അമേരിക്കയിലെ വിവിധ യൂണിറ്റുകളിൽനിന്നെത്തിയ എഴുപതോളം കമ്മറ്റി ചെയർമാൻമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. ചിക്കാഗോ കെ.സി.എസിന്റെ ആതിഥേയത്വത്തിൽ അടുത്ത കൺവൻഷൻ നടത്തുന്നതിൽ പൂർണ്ണ അഭിമാനമുണ്ടെന്നും അതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം തന്റെ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. വർണ്ണവിസ്മയമായ ചിക്കാഗോ മക്കോർമിക്കിൽ കമ്മറ്റിയംഗങ്ങൾക്കായി നടത്തിയ ടൂർ പ്രോഗ്രാമിന് കൺവൻഷൻ ജനറൽ കൺവീനർ സിറിയക് കൂവക്കാട്ടിൽ നേതൃത്വം നൽകി. തുടർന്ന് നടന്ന പ്രതിനിധി സമ്മേളനത്തിൽ യൂത്ത് ചെയർമാൻ റോണി പുത്തൻപറമ്പിൽ, കെ.സി.സി.എൻ.എ. ട്രഷറർ ജോയി കിഴക്കേൽ, ജോയിന്റ് സെക്രട്ടറി സെറീന മഠയനകാവിൽ, കെ.സി.സി.എൻ.എ. റീജിയണൽ വൈസ് പ്രസിഡന്റുമാരായ റോയി മറ്റപ്പള്ളിയിൽ, ചാക്കോ വെളിയന്തറ, ദീപു കണ്ടാരപ്പള്ളിൽ, കൺവൻഷൻ ചെയർമാൻമാരായ പീറ്റർ കുളങ്ങര, സണ്ണി മുണ്ടപ്ലാക്കിൽ എന്നിവർ പ്രസംഗിച്ചു. കെ.സി.സി.എൻ.എ. സെക്രട്ടറി ആന്റോ കണ്ടോത്ത് സമ്മേളനത്തിൽ മോഡറേറ്റായി പ്രവർത്തിച്ചു.

റിപ്പോർട്ട്: സൈമൺ മുട്ടത്തിൽ